പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 74 **22-06-2026-ൽ മറുപടിയ്ക്ക്**

ആലത്തൂർ ബൈപ്പാസ് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. എം. ശശി

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) ആലത്തൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ പദ്ധതികളാണ് മുൻസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത് ഏന്ന് വ്യക്തമാക്കാമോ;

മറുപടി: 2021-22 മുതൽ 2025-26 വരെയുള്ള ബജറ്റിലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, ഭരണാനുമതിയില്ലാത്ത മരാമത്തുപണികളുടെ വാല്യം II എന്ന ബജറ്റ് രേഖയിൽ ആലത്തൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ക്രമ നം. 1000 ആയി 100 രൂപ ടോക്കൺ അനുവദിച്ച് ആലത്തൂർ നിർദ്ദിഷ്ട ബൈപ്പാസ് റോഡിലെ സ്ട്രീറ്റ് ലൈൻ വ്യാപനം എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ പദ്ധതി കിഫ്ബി മുഖേനയാണോ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: ആലത്തൂർ ബൈപ്പാസ് നിർമ്മാണം കിഫ്ബി ധനസഹായം വിനിയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതികളിൽ വരുന്നതല്ല.

(സി) നിലവിൽ ഇതുവരെ ഏതൊക്കെ പ്രവൃത്തികൾക്കായി എത്ര രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട് ഏന്ന് വ്യക്തമാക്കാമോ;

മറുപടി: ബാധകമല്ല.

(ഡി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

മറുപടി: ബാധകമല്ല.

(ഇ) കിഫ്ബി മുഖേന ഇനിയും എത്ര രൂപയുടെ ധനസഹായമാണ് ടി പദ്ധതിക്ക് ലഭിക്കുവാനുള്ളത് ഏന്ന് വ്യക്തമാക്കാമോ?

മറുപടി: ബാധകമല്ല.

സെക്ഷൻ ഓഫീസർ